മാതൃഭൂമി
06 February 2019

# കടലോളം കൗതുകം പകർന്ന് സി.എം.എഫ്.ആർ.ഐ.യിലെ പ്രദർശനം



സി.എം.എഫ്.ആർ.ഐ.യിൽ നടന്ന കടലറിവുകളുടെ പ്രദർശനത്തിൽ 'ചക്രവർത്തി മത്സ്യം' എന്നറിയപ്പെടുന്ന നെപ്പോളിയൻ റാസിനെ കുറിച്ച് സന്ദർശകർക്ക് വിശദീകരിച്ചു കൊടുക്കുന്ന ഗവേഷക

**കൊച്ചി** ▸ ആഴക്കടലിന്റെ വിസ്മയക്കാഴ്ചകളെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി സി.എം.എഫ്.ആർ.ഐ.യിൽ പ്രദർശനം.

പ്രദർശനത്തിൽ കാണികളുടെ പ്രിയങ്കരനായത് 'ചക്രവർത്തി മത്സ്യം' ആണ്. പവിഴദ്വീപുകൾക്ക് സമീപം കാണപ്പെടുന്ന ഈ ഭീമൻ മത്സ്യം വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ പട്ടികയിലുള്ളതാണ്. 35 കിലോ ഭാരമുള്ള ഈ മത്സ്യം കുറച്ചു മാസങ്ങൾക്ക് മുമ്പാണ് സി.എം.എഫ്.ആർ.ഐ. മ്യൂസിയത്തിൽ ഇടം നേടിയത്.

കടൽമുയൽ, പറക്കുംകൂന്തൽ, പലതരം കടൽസസ്യങ്ങൾ, എലിവാൽമത്സ്യം, കടൽപ്പശു, കടൽവെള്ളരി, കടൽക്കുതിര, തിമിംഗിലസ്രാവ്, വംശനാശ ഭീഷണിയിലുള്ള മറ്റ് സ്രാവുകൾ തുടങ്ങി അനേകം സമുദ്ര ജൈവസമ്പത്തിന്റെ ശേഖരമുള്ള സി.എം.എഫ്.ആർ.ഐ. മ്യൂസിയം കാഴ്ചക്കാരുടെ മനംകവർന്നു.

സി.എം.എഫ്.ആർ.ഐ.യിലെ വിവിധ ഗവേഷണ വിഭാഗങ്ങളുടെ നേതൃത്വത്തിലാണ് പ്രദർശനം നടന്നത്. മീനുകളുടെ വയസ്സ് കണ്ടെത്തുന്നതിന് വേണ്ടിയുള്ള പരീക്ഷണശാല സന്ദർശകർക്ക് വേറിട്ട അനുഭവമായിരുന്നു. മീനുകളുടെ പ്രായം തിട്ടപ്പെടുത്തുന്നതിന്റെ വിവിധ പ്രവർത്തനങ്ങളും അതിനുപയോഗിക്കുന്ന ഉപകരണങ്ങളും ഗവേഷകർ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി.

സി.എം.എഫ്.ആർ.ഐ.യുടെ സാങ്കേതികവിദ്യകൾ പ്രദർശിപ്പിച്ച ആറ്റിക്, ഹാച്ചറി, വിവിധ പരീക്ഷണശാലകൾ എന്നിവിടങ്ങളിലും സന്ദർശകരുടെ തിരക്ക് അനുഭവപ്പെട്ടു.